## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1630

05.12.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) | ഉണ്ട്. 2013 ലെ 37-ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 5.6.2013ലെ സ.ഉ (അച്ചടി) നം. 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർ മാനായും അഡ്വ. വി.വി. ജോഷി, അഡ്വ. കെ.പി മറിയു മ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു. |
| (ബി) | ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലു ണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക; ന്യൂന പക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസന ത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കു ന്നതിനു വേണ്ടി സർക്കാർ കൈകൊള്ളേണ്ട നടപടികൾ ശുപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടി കൾ ശുപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങ ളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദേ ശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷ ണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണയിക്ക പ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതല കൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. |
| (സി) | എന്തെല്ലാം ക്ഷേമപദ്ധതിക ളാണ് ഇതുവഴി നടപ്പാക്കാ നുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) യും (ഡി) യും | കമ്മീഷൻ മുഖേന ക്ഷേമപ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടു ണ്ടെന്നറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ